കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ - കൊല്ലം ഈസ്റ്റ് വില്ലേജിലെ റീ സർവ്വെ നമ്പർ 28/5 ൽ ഉൾപ്പെട്ട 40 ച.മീറ്റർ സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ 15 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു നില വാസഗൃഹം ക്രമവൽക്കരിക്കുന്നതിനായി ശ്രീമതി.സന്ധ്യ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം സമർപ്പിച്ച അപേക്ഷ – ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം.1369/2017/തസ്വഭവ തിരുവനന്തപുരം, തീയതി:29.04.2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. 14.02.2014 ലെ സ.ഉ.(എം.എസ്)നമ്പർ 39/2014/തസ്വഭവ.
2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീമതി.സന്ധ്യ സമർപ്പിച്ച 09.07.2015 ലെ അപേക്ഷ.
3. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 07.01.2016 ലെ PW11/BR-110/51357/15 നമ്പർ കത്ത്.
4. മുഖ്യനഗരാസൂത്രകന്റെ 29.06.2016 ലെ സി3/4143/16/കെഡിസ്(ആർ) നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 15.02.2017 ലെ സി3/8248/16/കെഡിസ്(ആർ) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം കോർപ്പറേഷനിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ റീ സർവ്വെ നമ്പർ 28/5 ൽ ഉൾപ്പെട്ട 40 ച.മീറ്റർ സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ 15 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു നില വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് ശ്രീമതി.സന്ധ്യ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിച്ചു. നിർദ്ദിഷ്ട നിർമ്മാണം അനധികൃത നിർമ്മാണം ക്രമവത്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട്. ആയതിനാൽ 3,075/-രൂപ (മൂവായിരത്തി എഴുപത്തിയഞ്ച് രൂപ) ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി പരാമർശവിധേയമായ കൊല്ലം ഈസ്റ്റ് വില്ലേജിലെ റീ സർവ്വെ നമ്പർ 28/5 ൽ ഉൾപ്പെട്ട

(തുടർച്ച......2)

40 ച.മീറ്റർ സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ 15 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു നില വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി കോമ്പൗണ്ടിംഗ് ഫീസായി 3,075/-രൂപ (മൂവായിരത്തി എഴുപത്തിയഞ്ച് രൂപ) "0217 Urban Development – 60 other Urban Development Schemes – 800 other receipts – 91 Compounding fee for regularisation of unauthorised construction violating provisions of building rules" എന്ന ശീർഷകത്തിൽ ശ്രീമതി.സന്ധ്യ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ടിയാൾ ഈ തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും, അതിനുശേഷം കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ഹേമപ്രഭ.ഡി**
ജോയിന്റ് സെക്രട്ടറി

ശ്രീമതി.സന്ധ്യ,ഇരുമ്പുകട പുരയിടം, കന്റോൺമെന്റ് നോർത്ത്, കൊല്ലം
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്).
ടൗൺ പ്ലാനർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്,
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ